## ചീഫ് എഞ്ചിനീയറുടെ കാര്യാലയം, ജലസേചനവും ഭരണവും, തിരുവനന്തപുരം

## ചീഫ് എഞ്ചിനീയറുടെ നടപടി ക്രമം

(ഹാജർ - എം.ശിവദാസൻ)

വിഷയം: ജലസേചനം - വിജിലൻസ് - ശ്രീ. സൂരജ് ജോൺ.ടി, അസിസ്റ്റന്റ് എഞ്ചിനീയർ, മലമ്പുഴ കനാൽ സെക്ഷൻ, മാത്തൂരിന്റെ അനധികൃത ഹാജരില്ലായ്മ - സർവ്വീസിൽ നിന്നു നീക്കം ചെയ്ത് ടിയാനെതിരെയുള്ള അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവാകുന്നു.

പരാമർശം:

1. തിരുവനന്തപുരം, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ഭരണത്തിന്റെ 22/09/20222 തീയതിയിലെ എ3-40850/2018 നമ്പർ അനൗദ്യോഗിക കുറിപ്പ്.
2. തിരുവനന്തപുരം, ജലസേചനവും ഭരണവും, ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിന്റെ 18/09/2023 തീയതിയിലെ ഇതേ നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും
3. 04/05/2024 തീയതിയിലെ ഔപചാരിക അന്വേഷണ റിപ്പോർട്ട്.
4. 14/06/2024 തീയതിയിലെ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.

**ഉത്തരവ് നം.CEIA/4488/2022-V(02 തീയതി - 17-07-2024**

ശ്രീ.സൂരജ് ജോൺ.ടി എന്ന താങ്കൾ, മാത്തൂർ, മലമ്പുഴ കനാൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ ആയി ജോലി നോക്കി വരവെ, G.O.(Rt)NO.532/06/WRD തീയതി 17/04/2007 പ്രകാരം വിദേശത്ത് ജോലി ചെയ്യുന്നതിനായി കെ.എസ്.ആർ. പാർട്ട് 1 അനുബന്ധം XIIA ലെ വ്യവസ്ഥകൾക്ക് വിധേയമായി 20/04/2007 മുതൽ 5 വർഷത്തേക്ക് ശൂന്യവേതനാവധിയിൽ പ്രവേശിച്ചു. തുടർന്ന് താങ്കളുടെ അപേക്ഷയിൻമേൽ G.O.(Rt)NO.196/2012/WRD തീയതി 13/02/2012, Order No.A3 - 4252/2014 Dated : 23/04/2014 of the Chief Engineer, Irrigation & Administration, Thiruvananthapuram എന്നീ ഉത്തരവുകൾ പ്രകാരം 2 വർഷം വീതവും, തിരുവനന്തപുരം, ജലസേചനവും ഭരണവും, ചീഫ് എഞ്ചിനീയറുടെ 08/02/2013 തീയതിയിലെ A3 - 5496/16, 06/02/2019 തീയതിയിലെ A3 - 40850/18 എന്നീ ഉത്തരവുകൾ പ്രകാരം 3 വർഷം വീതവും ശൂന്യവേതനാവധി ദീർഘിപ്പിച്ചു നൽകിയിരുന്നു. അനുവദിക്കപ്പെട്ട 15 വർഷത്തെ ശൂന്യവേതനാവധിക്കു ശേഷം 20/04/2022 തീയതിയിൽ താങ്കൾ തിരികെ ജോലിയിൽ പ്രവേശിക്കേണ്ടതായിരുന്നു. എന്നാൽ പ്രസ്തുത തീയതിയിൽ ജോലിയിൽ പുനഃപ്രവേശിക്കുകയുണ്ടായില്ല. 20/04/2022 മുതൽ 03/05/2022 വരെ അനധികൃതമായി ജോലിയിൽ ഹാജരാകാതിരുന്നു.

ടിയാന്റെ അപേക്ഷയെ തുടർന്ന് ഈ കാര്യാലയത്തിലെ 22/04/2022 തീയതിയിലെ A3-25395/2021 നമ്പർ ഉത്തരവ് പ്രകാരം മാത്തൂർ, മലമ്പുഴ കനാൽ സെക്ഷനിൽ നിലവിലുള്ള അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ പോസ്റ്റിംഗ് നടത്തുകയുണ്ടായി. ആയത് പ്രകാരം ടിയാൻ

04/05/2022 തീയതിയിൽ പ്രസ്തുത കാര്യാലയത്തിൽ ജോലിയിൽ പ്രവേശിച്ചു. തുടർന്ന് ഓഫീസ് ജോലി ചാർജ്ജ് കൈമാറാതെ 14/05/2022 തീയതി മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുന്നതിന് ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ പരാമർശം (1) പ്രകാരം തിരുവനന്തപുരം, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ഭരണം ശുപാർശ ചെയ്തിരുന്നു.

പ്രസ്തുത സാഹചര്യത്തിൽ, താങ്കൾക്കെതിരെ 1960- ലെ കേരള സിവിൽ സർവ്വീസുകൾ (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരം നടപടി സ്വീകരിക്കാതിരിക്കാൻ കാരണം കാണിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (2) പ്രകാരമുള്ള കുറ്റപത്രവും കുറ്റാരോപണ പത്രികയും ടിയാന്റെ ലഭ്യമായ മേൽവിലാസത്തിൽ നൽകുന്നതിനായി പാലക്കാട്, എൽ.ബി.സി സബ് ഡിവിഷൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കൈമാറിയിരുന്നു. പ്രസ്തുത കാര്യാലയത്തിൽ നിന്നും രജിസ്റ്റേർഡ് പോസ്റ്റായി അയച്ച കുറ്റപത്രവും കുറ്റാരോപണ പത്രികയും മേൽവിലാസക്കാരൻ സ്ഥലത്തില്ലാത്ത കാരണത്താൽ തിരികെ മടക്കിയിരുന്നു.

തുടർന്ന് എറണാകുളം ജില്ലയിൽ പ്രചാരമുള്ള മലയാള മനോരമ പത്രത്തിൽ 2024 മാർച്ച് 2ന് വിൻഡോ പരസ്യം നൽകി, 15 ദിവസങ്ങൾക്കുള്ളിൽ മറുപടി സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ അതിനു ശേഷവും ടിയാനിൽ നിന്നും യാതൊരു മറുപടിയും ലഭ്യമാകാത്ത സാഹചര്യത്തിൽ, 1960 - ലെ കേരള സിവിൽ സർവ്വീസുകൾ (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 15 പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട്സമർപ്പിക്കുന്നതിനായി ഈ കാര്യാലയത്തിലെ 18/04/2024 തീയതിയിലെ ഇതേ നമ്പർ ഉത്തരവ് പ്രകാരം ഇറിഗേഷൻ വിജിലൻസ് വിഭാഗം, സീനിയർ സൂപ്രണ്ടായ ശ്രീ.മുജീബ്.ഇ.എം - നെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ചിരുന്നു.

അന്വേഷണ ഉദ്യോഗസ്ഥൻ 04/05/2024 തീയതിയിൽ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിൽ, ശ്രീ.സൂരജ് ജോൺ.ടി യുടെ നിലവിലെ മേൽവിലാസമായ തൈക്കൂട്ടത്തിൽ വീട്, കാട്ടിപറമ്പ്.പി.ഒ, കണ്ണമ്മാലി, എറണാകുളം - 682008 ൽ അന്വേഷണ ഉദ്യോഗസ്ഥൻ നേരിട്ട് അന്വേഷണം നടത്തിയതിൽ ടി മേൽവിലാസത്തിൽ ശ്രീ.സൂരജ് ജോൺ.ടി യുടെ ഭാര്യയും മക്കളും താമസിക്കുന്നതായും, പ്രസ്തുത സമയത്ത് ടി ആൾക്കാർ സ്ഥലത്തില്ലാത്തതിനാൽ വീട്ടുജോലിക്കാരിയിൽ നിന്നും ടിയാന്റെ ഫോൺ നമ്പർ (9747056899) ലഭ്യമാക്കുകയും, അന്വേഷണ ഉദ്യോഗസ്ഥൻ ടിയാനുമായി ഫോൺ മുഖാന്തരം സംസാരിച്ചതിൽ നിന്നും നിലവിൽ ബാംഗ്ലൂരിലാണെന്നും തിരികെ ജോലിയിൽ പ്രവേശിക്കാൻ താല്പര്യമില്ല എന്നറിയിച്ചതായും റിപ്പോർട്ട് ചെയ്തിരുന്നു. പ്രസ്തുത അന്വേഷണ റിപ്പോർട്ടിൽ ഉള്ളടക്കം ചെയ്തിരുന്ന 23/04/2024ന് ടിയാൻ സമർപ്പിച്ച അപേക്ഷ ടിയാന്റെ രാജി കത്തായി പരിഗണിക്കണമെന്നും അപേക്ഷിച്ചിരുന്നു. ആയതിനാൽ ചട്ടപ്രകാരം നടപടികൾ പൂർത്തിയാക്കി ടിയാനെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ ശുപാർശ ചെയ്തിരുന്നു.

മുകളിൽ സൂചിപ്പിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ, 14/05/2022 മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്ന താങ്കളെ 14/05/2022 മുതൽ സർവ്വീസിൽ നിന്നും നീക്കം ചെയ്യുവാൻ താൽക്കാലികമായി തീരുമാനിച്ചുകൊണ്ട് പരാമർശം (4) കാരണം കാണിക്കൽ നോട്ടീസ് രജിസ്റ്റേർഡ് തപാലായി ടിയാളുടെ ലഭ്യമായ മേൽവിലാസത്തിൽ

അയച്ചിരുന്നു. ആയത് Unclaimed, Addressee Absent, RTS എന്ന് രേഖപ്പെടുത്തി തപാൽ വകുപ്പ് അധികാരി തിരികെ ലഭ്യമാക്കിയിരുന്നു.

പ്രസ്തുത സാഹചര്യത്തിൽ ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി അസിസ്റ്റന്റ് എഞ്ചിനീയറായ ശ്രീ.സൂരജ് ജോൺ.ടി യെ 14/05/2022 മുതൽ സർവ്വീസിൽ നിന്നും നീക്കം ചെയ്യുവാനുള്ള താല്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തികൊണ്ട് ടിയാൾക്കെതിരെയുള്ള അച്ചടക്ക നടപടി അവസാനിപ്പിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ചീഫ്എഞ്ചിനീയർ

സ്വീകർത്താവ്

ശ്രീ.സൂരജ് ജോൺ.ടി
തൈക്കൂട്ടത്തിൽ വീട്,
കാട്ടിപറമ്പ്.പി.ഒ,
കണ്ണമ്മാലി, എറണാകുളം 682008

പകർപ്പ്

1 ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ഭരണം, ചീഫ് എഞ്ചിനീയറുടെ കാര്യാലയം, ജലസേചനവും ഭരണവും, തിരുവനന്തപുരം.
2 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.ബി.സി സബ് ഡിവിഷൻ, പാലക്കാട്
3 വിജിലൻസ് & സീറ്റ്
4 ഇറിഗേഷൻ വെബ് സൈറ്റ് - E.E, IT cell.